## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8115  24-07-2012-ൽ മറുപടിയ്ക്ക്**

## സ്പോർട്സ് ക്വോട്ടാ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് ക്വോട്ട വഴിയുള്ള നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ; | (എ) സ്പോർട്സ് ക്വാട്ട വഴി നിയമനം നേടുന്നതിന് കായിക താരങ്ങൾക്ക് വേണ്ടുന്ന യോഗ്യത താഴെ പറയുന്നവയാണ്.<br>1. ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അന്തർദേശീയ മത്സരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുള്ളവർ,<br>2. ദേശീയ മീറ്റുകളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുകയും സ്ഥാനങ്ങൾ നേടുകയും ചെയ്തിട്ടുള്ളവർ<br>3. ആൾ ഇന്ത്യാ യൂണിവേഴ്സിറ്റി ഗെയിംസ് (ഇന്റർ സോണൽ) യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിക്കുകയും ഒന്നാം സ്ഥാനം നേടുകയും ചെയ്തിട്ടുള്ള കായിക താരങ്ങൾ,<br>4. സംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ ഒന്നാം സ്ഥാനം നേടിയിട്ടുള്ള കായികതാരങ്ങൾ. |
| (ബി) സ്പോർട്സ് ക്വോട്ട നിയമനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) സ്പോർട്സ് ക്വാട്ട നിയമനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് വേണ്ട നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ